"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്ന ഉദ്ഘാടന പരിപാടികൾക്ക് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.692/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/03/2020**

---

**പരാമർശം:-** 1 28/12/2015 ലെ സ.ഉ(സാധാ) നം. 3866/2015/തസ്വഭവ നമ്പർ ഉത്തരവ്

2 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04/10/2019 ലെ കത്ത്.

**ഉത്തരവ്**

ഹരിപ്പാട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്ന ഉദ്ഘാടന പരിപാടികൾ മിക്കതും ബഹു:പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എംഎൽഎയാണ് ഉദ്ഘാടനം ചെയ്യുന്നതെന്നും, പരാമർ ശം 1 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന പരിപാടികൾക്ക് തദ്ദേശ സ്ഥാപനങ്ങൾക്ക് 25,000/- രൂപ വരെ ചെലവാക്കാവുന്നതാണെന്നും, ബഹു:പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മന്ത്രിമാർക്ക് തുല്യമായ ക്യാബിനറ് റാങ്ക് ഉള്ളതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്യുന്ന പരിപാടികൾക്കും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഇരുപത്തയ്യായിരം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണം എന്ന് പരാമർശം 2 പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു:പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എംഎൽഎ പങ്കെടുക്കുന്ന, ഹരിപ്പാട് ബ്ളോക്ക് പഞ്ചായത്ത് സംഘടിപ്പിക്കുന്ന ഉദ്ഘാടന പരിപാടികൾക്ക് പരാമർശം 1 ലെ വ്യവസ്ഥകൾ ബാധകമാക്കി 25,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സജന് സി വി ഐ എ സ്**

**ഡെപ്യൂട്ടിസെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ